മെട്രോ വാർത്ത

07 January 2024

# മീൻപിടുത്തം നിയന്ത്രിക്കാൻ കേന്ദ്ര നിയമം വേണം

കൊച്ചി: ഇന്ത്യൻ സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായി കേന്ദ്ര നിയമനിർമാണം (മറൈൻ ഫിഷറി ആക്ട്) ഉൾപ്പെടെസമഗ്രമായ നിർദേശങ്ങളുമായി കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). 12 നോട്ടിക്കൽമൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻകേന്ദ്രനിയമം അനിവാര്യമാണെന്ന് നയരൂപീകരണത്തിനുള്ള സിഎംഎഫ്ആർഐയുടെ നിർദേശം ചൂണ്ടിക്കാട്ടി. നീതി ആയോഗിന്റെ നേതൃത്വത്തിൽ സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാലയുടെ ഭാഗമായുള്ളവികസനചർച്ചയിലാണ് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻനിർദേശങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യൻ സമുദ്രാതിർത്തിയിൽ സുസ്ഥിരരീതികൾ നടപ്പിലാക്കുന്നതിന് ഇത്തരം നിയമനിർമാണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. തീരക്കടലുകളിലെ മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

സമുദ്രസമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാനിർണയം (സ്റ്റോക് അസസ്മെന്റ്) വ്യവസ്ഥാപിക്കിതമാക്കണമെന്നതാണ് മറ്റൊരു ശുപാർശ. സീഫുഡ് കയറ്റുമതി കതിപ്പെടുത്തുന്നതിനാവശ്യമായ സമുദ്രവിഭവങ്ങളുടെ ഇക്കോ-ലേബലിങ്ങിന് ദേശീയ മാർഗനിർദേശങ്ങൾ വേണം. ഈ രംഗത്തെ സ്വകാര്യസംരംഭകത്വം, ചെറുകിടമത്സ്യത്തൊഴിലാളികളുടെയും മത്സ്യസംസ്കരണ രംഗത്തെ സംരംഭകരുടെയും ഉപജീവനം സംരക്ഷിക്കുന്ന തരത്തിൽ നിയന്ത്രണവിധേയമാക്കണം. കടലിലെ കൂടുമത്സ്യകൃഷി ഉൾപ്പെടെയുള്ള മാരികൾച്ചർ രംഗം കൂടുതൽ കാര്യക്ഷമമാക്കണം. സമുദ്രമത്സ്യ ലഭ്യതയുടെ കണക്കെടുപ്പിനും മത്സ്യബന്ധനയാനങ്ങൾ നിരീക്ഷിക്കുന്നതിനും മറ്റും നിർമിതബുദ്ധി അധിഷ്ഠിത ഓട്ടോമേറ്റഡ് സംവിധാനങ്ങൾ കൊണ്ടുവരണം. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കൂടുതൽ ഗവേഷണ-പഠനപദ്ധതികൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകണം. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള ദ്വീപ് മത്സ്യമേഖലയുടെ വികസനത്തിന് കൂടുതൽ ശ്രദ്ധ നൽകണം. മത്സ്യത്തൊഴിലാളികളുടെ സ്വത്തിനും ജീവനും സുരക്ഷയൊരുക്കുന്നതിനായി അപകട ഇൻഷുറൻസ്, ബോട്ട് ഇൻഷുറൻസ് തുടങ്ങിയവ കാര്യക്ഷമമായി നടപ്പിൽവരുത്തണം തുടങ്ങിയവയാണ് സിഎംഎഫ്ആർഐയുടെ പ്രധാന നിർദേശങ്ങൾ.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെനയാണ് ചർച്ച നിയന്ത്രിച്ചത്. മത്സ്യബന്ധനമേഖലയിൽ ഇനി പുരോഗതി കൈവരിക്കുന്നതിന് ആഴക്കടലിൽ സമ്പത്ത് പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന സർക്കാറുകളെ പ്രതിനിധീകരിച്ചെത്തിയ നയരൂപീകരണ വിദഗ്ധർ, ഗവേഷകർ, വ്യവസായപ്രമുഖർ, മത്സ്യത്തൊഴിലാളി-ബോട്ടുടമ പ്രതിനിധികൾ തുടങ്ങയവരുടെ സാന്നിധ്യത്തിലാണ് സിഎംഎഫ്ആർഐ നിർദേശങ്ങൾ അവതരിപ്പിച്ചത്.